# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നം. എഫ്5 -11903 /19 /khwwb                                                                 തീയതി:20.04.2020

## സർക്കുലർ നം. 02/2020-21

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം- തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി (unattached ) യിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക്- കോവിഡ്-19 ലോക്ക് ഡൗൺ ധനസഹായം സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-(1) ബഹു: ബോർഡ് ചെയർമാൻറ്റെ നിർദേശം

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി (unattached ) യിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക് ലോക്ക്ഡൗഡോണിനെ തുടർന്ന് ഉണ്ടായ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) നടപ്പുമാസം റോളിലുള്ള കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി (unattached ) യിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക് ഗ്രാൻഡ്ഇനത്തിൽ ധനസഹായം ആയി 5000/-രൂപയും അഡ്വാൻസ് ഇനത്തിൽ 5000/- രൂപയും ആകെ 10000/- രൂപയുടെ ആനുകൂല്യം നൽകേണ്ടതാണ്
2) മെയ് മാസം ആറാം തീയതി മുതൽ വിതരണം ചെയ്യാവുന്നതാണ്.
3) ഗ്രാൻഡ് തുകയായ 5000/- നാളിതുവരെ TBF പലിശ ഇനത്തിൽ ലഭിച്ച തുകയ്ക്ക് തുല്യമായ സ്ഥിരനിക്ഷേപത്തിൽനിന്നും കണ്ടെത്തി ക്ലോസ് ചെയ്തു നൽകാവുന്നതാണ്.
4) അഡ്വാൻസ് തുകയായ 5000/- രൂപ നൽകുന്നതിന് നിലവിൽ ഫണ്ട് ലഭ്യമല്ലെങ്കിൽ ടി ബിപി എഫ് സ്ഥിരനിക്ഷേപം ക്ലോസ് ചെയ്തു ടി തുക കണ്ടെത്തി നല്കുന്നതിനും, തിരികെ പിടിക്കുന്ന മുറയ്ക്ക് ടിബിപിഎഫ് സ്ഥിരനിക്ഷേപം ആക്കിമാറ്റേണ്ടതുമാണ്.
5) ഓണം, റംസാൻ അഡ്വാൻസ് നല്കുമ്പോൾ, അർഹതപ്പെട്ട തുകയിൽ നിന്നും മുൻകൂറായി നല്കിയതുക 5000 രൂപ കുറവ് ചെയ്തു നൽകിയാൽ മതിയാകും.
6) 2020-2021 സാമ്പത്തിക വർഷം ഉത്സവ വായ്പ എടുത്തവർക്ക് ഈ വായ്പ നൽകേണ്ടതില്ല.
7) കൂടാതെ ടിബിപിഎഫ് ലേക്ക് വാർഷികമായി മാറ്റുന്ന ഒരു ശതമാനം അധിക ടിബിപിഎഫ് തുക 2020-2021 സാമ്പത്തിക വർഷത്തേക്ക് മാറ്റേണ്ടതില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ ടിബിപിഎഫ് ആനുകൂല്യത്തിൽ കുറവ് വരുത്തേണ്ടതില്ല.
8) ആവശ്യപെടുന്ന തൊഴിലാളികൾക്ക് ഏപ്രിൽ ,മെയ് മാസങ്ങളിൽ തുടർന്നും ലോൺ റിക്കവറി ഒഴിവാക്കാവുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

ചെയർമാൻ, എല്ലാ ജില്ലാ കമ്മിറ്റി/ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയാകമ്മിറ്റി/ സബ് ഓഫീസുകൾ

//ഉത്തരവിൻ പ്രകാരം//

Jayapalan

ജൂനിയർ സൂപ്രണ്ട്